# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2925 — 13-07-2015- ൽ മറുപടിക്ക്

## വിഴിഞ്ഞം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി.വിജയദാസ് : | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) വിഴിഞ്ഞം പദ്ധതി അദാനി ഗ്രൂപ്പിന് നൽകുന്നതിന് തീരുമാനിച്ച മന്ത്രി സഭാ തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) മന്ത്രിസഭാ തീരുമാനത്തിന്റെ പകർപ്പ് അനുബന്ധം I ആയി വച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ എംഒയു വിലെ വ്യവസ്ഥകളുടെ വിശദാംശം നൽകുമോ, അല്ലെങ്കിൽ പ്രസ്തുത കരാറിന്റെ കരട് രൂപത്തിന്റെ പകർപ്പ് നൽകുമോ; | (ബി) ആഗോള മത്സരാധിഷ്ഠിത ടെണ്ടർ നടന്നതിനാൽ എംഒയു ഉണ്ടായിരുന്നില്ല. കരട് കൺസഷൻ കരാർ തുറമുഖ കമ്പനിയുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചതിന്റെ സോഫ്റ്റ് കോപ്പി അനുബന്ധം II ആയി വച്ചിട്ടുണ്ട്. |
| (സി) എന്നുമുതൽ പദ്ധതി ആരംഭിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ? | (സി) പദ്ധതി 2015, നവംബർ 1 ന് തുടങ്ങുവാനാണ് ഇപ്പോൾ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ

4361

**രഹസ്യം**

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 10-06-2015.

ഫയൽ നം.1020/ഇ1/2015/മ.തു.വ

ഇനം നം: 6885.

69 **വിഷയം** : മത്സ്യബന്ധന തുറമുഖ വകുപ്പ് - വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖ പദ്ധതി - കൺസഷണയറെ തെരഞ്ഞെടുക്കുന്നത്.

70. **തീരുമാനം** : വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖ പദ്ധതിക്ക് കൺസഷണയറെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച കാര്യത്തിൽ 20.05.2015-ലെ മന്ത്രിസഭായോഗം ഇനം നം.6787 പ്രകാരം പരിഗണിച്ച കുറിപ്പിലെ നിർദ്ദേശങ്ങൾ തത്വത്തിൽ അംഗീകരിച്ചു. എന്നാൽ തുടർനടപടികൾ സ്വീകരിക്കുന്നത് അരുവിക്കര ഉപതെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച സാഹചര്യത്തിൽ മോഡൽ കോഡ് ഓഫ് കണ്ടക്റ്റിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാകുമോ എന്ന് ഇലക്ഷൻ കമ്മീഷന്റെ അഭിപ്രായം ലഭിച്ചശേഷം മതി എന്നും, ചീഫ് സെക്രട്ടറി ചീഫ് ഇലക്ടൊറൽ ഓഫീസർക്ക് ഉടൻ കത്ത് എഴുതുവാനും തീരുമാനിച്ചു.

(ഒപ്പ്)
ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

[signature]

ജിജി തോംസൺ
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, തുറമുഖ വകുപ്പ്.

[signature]